# മധുരമായ കുട്ടികളേ - ഉയർന്നവരായി മാറണമെങ്കിൽ ദിവസവും തന്റെ കണക്ക് നോക്കൂ, ഒരു കർമ്മേന്ദ്രിയവും ചതിക്കരുത്, കണ്ണുകൾ വളരെയധികം വഞ്ചിക്കുന്നതാണ് ഇതിൽ നിന്ന് സുരക്ഷിതരായിരിക്കൂ.

**ചോദ്യം -** ഏറ്റവും മോശമായ ശീലം ഏതാണ്, അതിൽ നിന്ന് രക്ഷപ്പെടാനുള്ള ഉപായമെന്താണ്?
**ഉത്തരം -** ഏറ്റവും മോശമായ ശീലമാണ് - നാവിന്റെ സ്വാദ്. ഏതെങ്കിലും നല്ല വസ്തു കണ്ടാൽ ഒളിപ്പിച്ച് കഴിക്കും. ഒളിപ്പിക്കുക അർത്ഥം മോഷണം. മോഷണമാകുന്ന മായയും അനേകരെ മൂക്കിലും ചെവിയിലും പിടിക്കുന്നുണ്ട്. ഇതിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗമാണ്, ബുദ്ധി ഏതിലേക്കെങ്കിലും പോവുകയാണെങ്കിൽ സ്വയം സ്വയത്തിന് ശിക്ഷ നൽകൂ. മോശമായ ശീലങ്ങളെ കളയുന്നതിന് വേണ്ടി സ്വയം സ്വയത്തെ നന്നായി ശകാരിക്കൂ.

**ഓം ശാന്തി.** ആത്മാഭിമാനിയായാണോ ഇരിക്കുന്നത്? ഓരോ കാര്യവും സ്വയം തന്നോട് തന്നെ ചോദിക്കണം. നമ്മൾ ആത്മാഭിമാനിയായിരുന്ന് ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണോ? ശിവശക്തി പാണ്ഡവ സേനയെന്ന് പാടാറുമുണ്ട്. ഇത് ശിവബാബയുടെ സേനയാണല്ലോ ഇരിക്കുന്നത്. ആ ഭൗതീക സേനയിൽ കേവലം യുവാക്കൾ മാത്രമേ ഉണ്ടായിരിക്കൂ, പ്രായമായവരും കുട്ടികളും ഉണ്ടായിരിക്കില്ല. ഈ സേനയിലാണെങ്കിൽ പ്രായമായവർ, കുട്ടികൾ, യുവാക്കൾ മുതലായ എല്ലാവരും ഇരിക്കുന്നു. ഇത് മായയിൽ വിജയം നേടുന്നതിന് വേണ്ടിയുള്ള സേനയാണ്. എല്ലാവർക്കും മായയുടെ മേൽ വിജയം നേടി ബാബയിൽ നിന്ന് പരിധിയില്ലാത്ത സമ്പത്ത് നേടണം. കുട്ടികൾക്കറിയാം മായ വളരെ പ്രബലമാണ്. കർമ്മേന്ദ്രിയങ്ങൾ തന്നെയാണ് ഏറ്റവും കൂടുതൽ ചതിക്കുന്നത്. ചാർട്ടിൽ ഇതും എഴുതൂ ഇന്ന് ഏത് കർമ്മേന്ദ്രിയമാണ് ചതിച്ചത്? ഇന്ന് ഇന്നയാളെ കണ്ടപ്പോൾ ആഗ്രഹമുണ്ടായി ഇവരെ തൊടാം, ഇത് ചെയ്യാം. കണ്ണുകൾ വളരെയധികം ചതിക്കുന്നു. എല്ലാ കർമ്മേന്ദ്രിയങ്ങളെയും നോക്കൂ, ഏത് കർമ്മേന്ദ്രിയമാണ് ഏറ്റവും കൂടുതൽ നഷ്ടമുണ്ടാക്കുന്നത്? ഇതിൽ സൂർദാസിന്റെയും ഉദാഹരണം നൽകിയിരിക്കുന്നു. തന്റെ പരിശോധന ചെയ്യണം. കണ്ണുകൾ വളരെയധികം ചതിക്കുന്നതാണ്. നല്ല നല്ല കുട്ടികളെപ്പോലും മായ ചതിക്കുന്നുണ്ട്. നല്ല സേവനം ചെയ്യുന്നുണ്ട് പക്ഷെ കണ്ണുകൾ ചതിക്കുന്നു. ഇതിന് മേൽ വലിയ ശ്രദ്ധ വെയ്ക്കണം കാരണം ശത്രുവാണല്ലോ. നമ്മുടെ പദവി ഭ്രഷ്ടമാക്കുന്നു. ആരാണോ വിവേകശാലികളായ കുട്ടികൾ, അവർ നല്ല രീതിയിൽ നോട്ട് ചെയ്യണം. പോക്കറ്റിൽ ഡയറിയുണ്ടാവണം. എങ്ങനെയാണോ ഭക്തിമാർഗ്ഗത്തിൽ ബുദ്ധി മറ്റു ഭാഗങ്ങളിലേക്ക് പോകുമ്പോൾ സ്വയം നുള്ളുന്നത്, നിങ്ങളും ശിക്ഷ നൽകണം. വളരെയധികം ശ്രദ്ധ വെക്കണം. കർമ്മേന്ദ്രിയങ്ങൾ ചതിക്കുന്നില്ലല്ലോ! വേറിട്ട് നിൽക്കണം. എഴുന്നേറ്റ് നിന്ന് നോക്കുകപോലും ചെയ്യരുത്. സ്ത്രീയാണ് പുരുഷന്മാരുടെ വലിയ പ്രശ്നം. നോക്കുമ്പോൾ കാമവികാരത്തിന്റെ ദൃഷ്ടി പോകുന്നു, അതുകൊണ്ടാണ് സന്യാസിമാർ കണ്ണുകളടച്ചിരിക്കുന്നത്. ചില സന്യാസിമാരാണെങ്കിൽ സ്ത്രീകളോട് പുറം തിരിഞ്ഞ് ഇരിക്കുന്നു. ആ സന്യാസിമാർക്കെല്ലാം എന്താണ് ലഭിക്കുന്നത്. 10-20 ലക്ഷം, കോടികൾ സമ്പാദിക്കും. മരിച്ചു കഴിഞ്ഞാൽ കഴിഞ്ഞു. പിന്നീട് അടുത്ത ജന്മത്തിൽ സമ്പാദിക്കേണ്ടതായി വരും. നിങ്ങൾ കുട്ടികൾക്കാണെങ്കിൽ എന്തെല്ലാം ലഭിച്ചിട്ടുണ്ടോ അത് അവിനാശി സമ്പത്തായിത്തീരുന്നു. അവിടെ ധനത്തിന്റെ അത്യാഗ്രഹം ഉണ്ടായിരിക്കില്ല. കഷ്ടപ്പെട്ട് നേടേണ്ടതായ അപ്രാപ്തമായ ഒന്നുമില്ല. കലിയുഗത്തിന്റെ അവസാനവും സത്യയുഗത്തിന്റെ തുടക്കവും തമ്മിൽ രാവിന്റെയും പകലിന്റെയും വ്യത്യാസമുണ്ട്. അവിടെ അപാര സന്തോഷമായിരിക്കും. ഇവിടെ ഒന്നും തന്നെയില്ല. ബാബ സദാ പറയുന്നുണ്ട് - സംഗമം എന്ന അക്ഷരത്തോടൊപ്പം തീർച്ചയായും പുരുഷോത്തമം എന്നു കൂടി എഴുതൂ. ലളിതമായ വാക്കുകൾ പറയണം. മനസ്സിലാക്കിക്കൊടുക്കുന്നതിന് സഹജമാകുന്നു. മനുഷ്യനിൽ നിന്ന് ദേവതയാക്കുക...... അതിനാൽ തീർച്ചയായും സംഗമത്തിൽത്തന്നെയല്ലേ ദേവതയാക്കുന്നതിനായി വരുന്നത്. നരകവാസിയിൽ നിന്ന് സ്വർഗ്ഗവാസിയാക്കുന്നതിന്. മനുഷ്യരാണെങ്കിൽ ഘോര അന്ധകാരത്തിലാണ്. സ്വർഗ്ഗം എന്താണ്, അറിയുക പോലുമില്ല. മറ്റു ധർമ്മത്തിലുള്ളവർക്കാണെങ്കിൽ സ്വർഗ്ഗത്തെ കാണാൻ പോലും സാധിക്കില്ല അതുകൊണ്ട് ബാബ പറയുകയാണ് നിങ്ങളുടെ ധർമ്മം വളരെയധികം സുഖം തരുന്നതാണ്. അതിനെ പറയുന്നത് തന്നെ ഹെവൻ(സ്വർഗ്ഗം) എന്നാണ്. പക്ഷെ നമുക്കും സ്വർഗ്ഗത്തിൽ പോകാൻ സാധിക്കുമെന്ന് മനസ്സിലാക്കുന്നില്ല. ആർക്കും അറിയില്ല. ഭാരതവാസികൾ ഇത് മറന്നു പോയിരിക്കുകയാണ്. സ്വർഗ്ഗത്തിന് ലക്ഷക്കണക്കിന് വർഷമുണ്ടെന്ന് പറയുന്നു. 3000 വർഷങ്ങൾക്ക് മുമ്പ് സ്വർഗ്ഗമായിരുന്നുവെന്ന് ക്രിസ്ത്യാനികൾ സ്വയം പറയുന്നുണ്ട്. ലക്ഷ്മീ-നാരായണനെ ദേവീ - ദേവതയെന്ന് പറയുന്നു. തീർച്ചയായും ഗോഡ് തന്നെയാണ് ദേവീ-ദേവതകളെ സൃഷ്ടിക്കുക. അതിനാൽ പരിശ്രമം ചെയ്യണം. ദിവസവും തന്റെ കണക്ക് പരിശോധിക്കണം. ഏത് കർമ്മേ

ന്ദ്രിയമാണ് ചതിക്കുന്നത്? നാവും കുറവൊന്നുമല്ല. ഏതെങ്കിലും നല്ല വസ്തു കിട്ടിയാൽ ഒളിപ്പിച്ച് കഴിക്കും. ഇതും പാപമാണെന്ന് മനസ്സിലാക്കുന്നില്ല. മോഷണമായില്ലേ. അതും ശിവബാബയുടെ യജ്ഞത്തിൽ നിന്ന് മോഷ്ടിക്കുക എന്നത് വളരെ മോശമാണ്. കക്കയുടെ മോഷണത്തെ ലക്ഷത്തിന്റെ മോഷണമെന്ന് പറയുന്നു. അനേകരെ മായ മൂക്കിന് പിടിച്ചുകൊണ്ടിരിക്കുന്നു. ഈ എല്ലാ മോശമായ ശീലങ്ങളും ഇല്ലാതാക്കണം. സ്വയം ശകാരിക്കണം. എപ്പോൾ വരെ മോശമായ ശീലമുണ്ടോ അതുവരെ ഉയർന്ന പദവി നേടാൻ സാധിക്കില്ല. സ്വർഗ്ഗത്തിൽ പോവുക എന്നത് വലിയ കാര്യമല്ല. പക്ഷെ എവിടെ രാജാവും റാണിയും എവിടെ പ്രജ! അതിനാൽ ബാബ പറയുന്നു കർമ്മേന്ദ്രിയങ്ങളെ വളരെയധികം ശ്രദ്ധിക്കണം. ഏത് കർമ്മേന്ദ്രിയമാണ് ബുദ്ധിമുട്ട് നൽകുന്നത്? കണക്ക് പുസ്തകം നോക്കണം. കച്ചവടമാണല്ലോ. ബാബ മനസ്സിലാക്കിത്തരുന്നു ഞാനുമായി വ്യാപാരം ചെയ്യണം, ഉയർന്ന പദവി നേടണമെങ്കിൽ ശ്രീമതത്തിലൂടെ നടക്കൂ. ബാബ നിർദ്ദേശം നൽകും, അതിനുമേലും മായ വിഘ്നമിടും. ചെയ്യാൻ വിടില്ല. ബാബ പറയുന്നു ഇത് മറക്കരുത്. തെറ്റ് ചെയ്യുന്നതിലൂടെ പിന്നീട് വളരെയധികം പശ്ചാത്തപിക്കേണ്ടി വരും. ഒരിക്കലും ഉയർന്ന പദവി നേടുകയില്ല. ഇപ്പോഴാണെങ്കിൽ സന്തോഷത്തോടുകൂടി പറയുന്നു നമ്മൾ നരനിൽ നിന്ന് നാരായണനായി മാറും പക്ഷെ സ്വയം ചോദിച്ചുകൊണ്ടിരിക്കൂ – കർമ്മേന്ദ്രിയങ്ങൾ എവിടെയും ചതിക്കുന്നില്ലല്ലോ?

തന്റെ ഉന്നതി നേടണമെങ്കിൽ ബാബ എന്ത് നിർദ്ദേശമാണോ തരുന്നത് അത് കാര്യത്തിൽ കൊണ്ടു വരൂ. മുഴുവൻ ദിവസത്തിന്റെയും കണക്ക് നോക്കൂ. തെറ്റുകളാണെങ്കിൽ ഒരുപാട് ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. കണ്ണുകൾ വളരെയധികം ചതിച്ചുകൊണ്ടിരിക്കുന്നു. അനുകമ്പ തോന്നും– ഇവരെ കഴിപ്പിക്കട്ടെ, സമ്മാനം നൽകാം. തന്റെ സമയം വളരെയധികം നഷ്ടപ്പെടുത്തുന്നു. മാലയിലെ മുത്താകുന്നതിൽ വലിയ പരിശ്രമമാണ്. മുഖ്യമായത് 8 രത്നമാണ്. 9 രത്നമെന്ന് പറയുന്നു. ഒന്ന് ബാബ, ബാക്കിയാണ് 8, ഇടയിൽ ബാബയുടെ അടയാളവും ഉണ്ടാവണമല്ലോ, എന്തെങ്കിലും ഗ്രഹപ്പിഴ വരുകയാണെങ്കിൽ 9 രത്നത്തിന്റെ മോതിരം മുതലായവ ധരിപ്പിക്കുന്നു. ഇത്രയും കൂടുതൽ പുരുഷാർത്ഥം ചെയ്യുന്നവരിൽ നിന്നാണ് 8 രത്നങ്ങൾ വരുന്നത് – പാസ് വിത്ത് ഓണേഴ്സ്. 8 രത്നങ്ങൾക്ക് വളരെയധികം മഹിമയുണ്ട്. ദേഹാഭിമാനത്തിൽ വരുന്നതിലൂടെ കർമ്മേന്ദ്രിയങ്ങൾ വളരെയധികം ചതിക്കുന്നു. ഭക്തിയിലും ചിന്തയുണ്ടാകാറുണ്ടല്ലോ, ശിരസ്സിൽ പാപഭാരം ഒരുപാടുണ്ട് , ദാന–പുണ്യം ചെയ്യുകയാണെങ്കിൽ പാപം ഇല്ലാതാകും. സത്യയുഗത്തിൽ ഒരു ചിന്തയുടെയും കാര്യമില്ല കാരണം അവിടെ രാവണ രാജ്യമില്ല. അവിടെയും ഇങ്ങനെയുള്ള കാര്യങ്ങളുണ്ടെങ്കിൽ പിന്നെ നരകവും സ്വർഗ്ഗവും ഒരു വ്യത്യാസവുമുണ്ടായിരിക്കില്ല. നിങ്ങൾക്ക് ഇത്രയും ഉയർന്ന പദവി നേടുന്നതിന് വേണ്ടി ഭഗവാൻ ഇരുന്ന് പഠിപ്പിക്കുകയാണ്. അച്ഛനെ ഓർമ്മ വരുന്നില്ല, നന്നായി പഠിപ്പിക്കുന്ന ടീച്ചറിനെ ഓർമ്മ വരും. ശരി, ഇതെങ്കിലും ഓർമ്മിക്കൂ നമ്മുടെ ഒരേയൊരു ബാബ തന്നെയാണ് സത്ഗുരു. മനുഷ്യർ ആസുരീയ മതത്തിലൂടെ എത്രയാണ് ബാബയുടെ അപകാരം ചെയ്യുന്നത്. ബാബയിപ്പോൾ എല്ലാവരുടെ മേലും ഉപകാരം ചെയ്യുന്നു. നിങ്ങൾ കുട്ടികളും ഉപകാരം ചെയ്യണം. ആരുടെ മേലും അപകാരമില്ല, കുദൃഷ്ടിയുമില്ല. തന്റെ തന്നെ നഷ്ടം ഉണ്ടാക്കുന്നു. ആ വൈബ്രേഷൻ പിന്നെ മറ്റുള്ളവരിലും പ്രഭാവം ഉണ്ടാക്കുന്നു. ബാബ പറയുന്നു ലക്ഷ്യം വളരെ വലുതാണ്. ദിവസവും തന്റെ കണക്ക് നോക്കൂ– യാതൊരു വികർമ്മവും ഉണ്ടാക്കിയിട്ടില്ലല്ലോ? ഇത് വികർമ്മീ ലോകം തന്നെയാണ്, വിക്രമ സംവത്സരമാണ്. വികർമ്മാജീത്തായ ദേവതകളുടെ വർഷത്തെക്കുറിച്ച് ആർക്കും അറിയുക പോലുമില്ല. ബാബ മനസ്സിലാക്കി തരുന്നു– വികർമ്മാജീത്ത് വർഷം 5000 വർഷമായി പിന്നീട് അതിന് ശേഷം വികർമ്മത്തിന്റ വർഷം ആരംഭിക്കുന്നു. രാജാക്കന്മാരും വികർമ്മം തന്നെ ചെയ്തുകൊണ്ടിരിക്കുന്നു, അപ്പോൾ ബാബ പറയുന്നു കർമ്മം–അകർമ്മം–വികർമ്മത്തിന്റെ ഗതി ഞാൻ നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നു. രാവണരാജ്യത്തിൽ നിങ്ങളുടെ കർമ്മം വികർമ്മമായി മാറുന്നു. സത്യയുഗത്തിൽ കർമ്മം അകർമ്മമാകുന്നു. വികർമ്മമാകുന്നില്ല. അവിടെ വികാരത്തിന്റെ പേരു പോലുമില്ല. ജ്ഞാനത്തിന്റെ ഈ മൂന്നാമത്തെ നേത്രം ഇപ്പോഴാണ് നിങ്ങൾക്ക് ലഭിച്ചത്. ഇപ്പോൾ നിങ്ങൾ ബാബയിലൂടെ ത്രിനേത്രി–ത്രികാല ദർശിയായി മാറിയിരിക്കുന്നു. ഒരു മനുഷ്യർക്കും ആക്കി മാറ്റാൻ സാധിക്കില്ല. നിങ്ങളെ ആക്കി മാറ്റുന്നത് ബാബയാണ്. എപ്പോഴാണോ ആസ്തികരാകുന്നത് അപ്പോൾ ത്രിനേത്രി–ത്രികാല ദർശിയാകുന്നു. ഡ്രാമയുടെ മുഴുവൻ രഹസ്യവും ബുദ്ധിയിലുണ്ട്. മൂലവതനം, സൂക്ഷ്മ വതനം, 84 ന്റെ ചക്രം എല്ലാം ബുദ്ധിയിലുണ്ട്. പിന്നീട് പുറകെ മറ്റു ധർമ്മങ്ങൾ വരുന്നു. വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു. ആ ധർമ്മസ്ഥാപകരെ ഗുരുവെന്ന് പറയില്ല. സർവ്വരുടെയും സദ്ഗതി ചെയ്യുന്ന സത്ഗുരു ഒന്ന് മാത്രമാണ്. ബാക്കിയാരും സദ്ഗതി ചെയ്യാനായി വരുന്നില്ല. അവർ ധർമ്മസ്ഥാപകരാണ്. ക്രിസ്തുവിനെ ഓർമ്മിക്കുന്നതിലൂടെ സദ്ഗതി ഉണ്ടാവില്ല. വികർമ്മം വിനാശമാവില്ല. ഒന്നും ഇല്ല. അവരെല്ലാം ഭക്തിയുടെ വരിയിലാണെന്ന് പറയപ്പെടുന്നു. ജ്ഞാനത്തിന്റെ വരിയിൽ കേവലം നിങ്ങൾ മാത്രമാണ്. നിങ്ങൾ വഴികാട്ടികളാണ്. എല്ലാവർക്കും ശാന്തിധാമം, സുഖധാമത്തിലേക്കുള്ള വഴി പറഞ്ഞു കൊടുക്കുന്നു. ബാബ മുക്തിദാ

താവും വഴികാട്ടിയുമാണ്. ആ ബാബയെ ഓർമ്മിക്കുമ്പോൾ മാത്രമേ വികർമ്മം വിനാശമാകൂ.

ഇപ്പോൾ നിങ്ങൾ കുട്ടികൾ തന്റെ വികർമ്മം വിനാശമാക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ് അതിനാൽ നിങ്ങൾക്ക് ശ്രദ്ധയുണ്ടാവണം ഒരു ഭാഗത്ത് പുരുഷാർത്ഥം, വേറൊരു ഭാഗത്ത് വികർമ്മം ഉണ്ടാവരുത്. പുരുഷാർത്ഥത്തിനോടൊപ്പം വികർമ്മവും ചെയ്യുകയാണെങ്കിൽ നൂറ് മടങ്ങായി മാറും. എത്ര സാധിക്കുമോ അത്രയും വികർമ്മം ചെയ്യാതിരിക്കൂ. ഇല്ലായെങ്കിൽ അതും കൂടിവരും. പേരും മോശമാകും. എപ്പോൾ ഭഗവാൻ നമ്മേ പഠിപ്പിക്കുന്നുവെന്ന് അറിയുന്നുവോ പിന്നെ യാതൊരു വികർമ്മവും ചെയ്യരുത്. ചെറിയ മോഷണമാണെങ്കിലും വലിയ മോഷണമായാലും, പാപമാകുമല്ലോ. ഈ കണ്ണുകൾ വളരെയധികം ചതിക്കുന്നു. ബാബ കുട്ടികളുടെ പെരുമാറ്റത്തിലൂടെ മനസ്സിലാക്കുന്നു, ഒരിക്കലും ഇത് എന്റെ ഭാര്യയാണ് എന്ന ചിന്ത പോലും വരരുത്. നമ്മൾ ബ്രഹ്മാകുമാർ–കുമാരിയാണ്, ശിവബാബയുടെ പേരക്കുട്ടിയാണ്. നമ്മൾ ബാബയോട് പ്രതിജ്ഞ ചെയ്തിട്ടുണ്ട്, രാഖി ബന്ധിച്ചിട്ടുണ്ട്, പിന്നെ എന്തുകൊണ്ടാണ് കണ്ണുകൾ ചതിക്കുന്നത്? ഓർമ്മയുടെ ബലത്തിലൂടെ ഏത് കർമ്മേന്ദ്രിയത്തിന്റെ ചതിയിൽ നിന്നും മുക്തമാകാൻ സാധിക്കും. വലിയ പ്രയത്നം വേണം. ബാബയുടെ നിർദ്ദേശമനുസരിച്ച് കാര്യത്തിലുപയോഗിച്ച് ചാർട്ടെഴുതൂ. സ്ത്രീയും പുരുഷനും പരസ്പരം ഇതേ കാര്യങ്ങൾ ചെയ്യൂ – നമ്മൾ ബാബയിൽ നിന്ന് പൂർണ്ണമായ സമ്പത്ത് നേടും, ടീച്ചറിൽ നിന്ന് പൂർണ്ണമായി പഠിക്കും. പരിധിയില്ലാത്ത ജ്ഞാനം നൽകുന്ന ഇങ്ങനെയുള്ള ടീച്ചറിനെ ഒരിക്കലും ലഭിക്കുക സാധ്യമല്ല. ലക്ഷ്മീ നാരായണനു പോലും അറിയില്ല പിന്നെ അവർക്കു ശേഷം വരുന്നവർക്ക് എങ്ങനെ അറിയാൻ സാധിക്കും. ബാബ പറയുന്നു ഈ സൃഷ്ടി ചക്രത്തിന്റെ ആദി–മധ്യ–അന്ത്യത്തിന്റെ ജ്ഞാനം കേവലം നിങ്ങൾക്ക് മാത്രമേ അറിയൂ സംഗമത്തിൽ. ബാബ വളരെയധികം മനസ്സിലാക്കിത്തരുന്നു – ഇത് ചെയ്യൂ, ഇങ്ങനെ ചെയ്യൂ. പിന്നെ ഇവിടെ നിന്ന് എഴുന്നേറ്റാൽ എല്ലാം അവസാനിച്ചു. ശിവബാബ നമ്മളോടാണ് പറയുന്നതെന്ന് മനസ്സിലാക്കുന്നില്ല. എപ്പോഴും മനസ്സിലാക്കൂ ശിവബാബ പറയുകയാണ്, ഇദ്ദേഹത്തിന്റെ ഫോട്ടോയും വെക്കരുത്. ഈ രഥത്തെയാണെങ്കിൽ ലോണായി എടുത്തതാണ്. ഇദ്ദേഹവും പുരുഷാർത്ഥിയാണ്, ഇദ്ദേഹവും പറയുന്നു ഞാൻ ബാബയിൽ നിന്നും സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ മുന്നിൽ ഇദ്ദേഹവും വിദ്യാർത്ഥി ജീവിതത്തിലാണ്. മുന്നോട്ട് പോകുമ്പോൾ നിങ്ങളുടെ മഹിമയുണ്ടാകും. ഇപ്പോഴാണെങ്കിൽ നിങ്ങൾ പൂജ്യ ദേവതായാകാൻ വേണ്ടി പഠിക്കുകയാണ്. പിന്നീട് സത്യയുഗത്തിൽ നിങ്ങൾ ദേവതയായി മാറും. ഈ എല്ലാ കാര്യങ്ങളും ബാബക്കല്ലാതെ വേറെയാർക്കും മനസ്സിലാക്കി തരാൻ സാധിക്കില്ല. ഭാഗ്യത്തിലില്ലായെങ്കിൽ സംശയം ഉണ്ടാകുന്നു – ശിവബാബ എങ്ങനെ വന്ന് പഠിപ്പിക്കും! ഞാൻ അംഗീകരിക്കില്ല. അംഗീകരിക്കുന്നില്ലായെങ്കിൽ പിന്നെ ശിവബാബയെ എങ്ങനെ ഓർമ്മിക്കും. വികർമ്മം വിനാശമാക്കാൻ സാധിക്കില്ല. ഈ മുഴുവൻ രാജധാനിയും യഥാക്രമമായി സ്ഥാപന ഉണ്ടായികൊണ്ടിരിക്കുന്നു. ദാസ– ദാസിമാരും വേണമല്ലോ. രാജാക്കന്മാർക്ക് ദാസിമാരെ സ്ത്രീധനമായി ലഭിക്കുന്നു. ഇവിടെയും ഇത്രയും ദാസിമാരെ വെക്കുന്നുവെങ്കിൽ സത്യയുഗത്തിൽ എത്രയുണ്ടാകും. ദാസ–ദാസിയാകുന്ന തരത്തിൽ അലസമായ പുരുഷാർത്ഥം ചെയ്യരുത്. ബാബയോട് ചോദിക്കാൻ സാധിക്കും– ബാബാ ഇപ്പോൾ മരിക്കുകയാണെങ്കിൽ എന്ത് പദവി ലഭിക്കും? ബാബ പെട്ടെന്ന് മറുപടി പറയും, അവനവന്റെ കണക്ക് അവനവൻ തന്നെ നോക്കൂ. അവസാനം നമ്പർവൈസ് കർമ്മാതീത അവസ്ഥയാവണം. ഇതാണ് സത്യമായ സമ്പാദ്യം. ആ സമ്പാദ്യത്തിനുവേണ്ടി രാവും പകലും എത്ര ബിസിയായിരിക്കുന്നു. കച്ചവടക്കാർ ഒരു കൈകൊണ്ട് ഭക്ഷണം കഴിക്കും മറുകൈകൊണ്ട് ഫോണിലൂടെ ബിസിനസ്സ് നടത്തികൊണ്ടിരിക്കുന്നു. ഇപ്പോൾ പറയൂ ഇങ്ങനെയുള്ള ആളുകൾ ജ്ഞാനത്തിലെങ്ങനെ വരും? പറയുന്നു ഞങ്ങൾക്ക് സമയമെവിടെയാണ്. സത്യമായ രാജ്യഭാഗ്യമാണ് ലഭിക്കുന്നത്. കേവലം ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. അഷ്ടദേവതകളെയെല്ലാം ഓർമ്മിക്കാറുണ്ടല്ലോ. അവരുടെ ഓർമ്മയിലൂടെ ഒന്നും തന്നെ ലഭിക്കുന്നില്ല. ബാബ വീണ്ടു വീണ്ടും ഓരോ കാര്യവും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുകയാണ്, പിന്നീട് ഇങ്ങനെയാരും പറയരുത് ഇന്ന കാര്യത്തിൽ മനസ്സിലാക്കിത്തന്നതേയില്ല. നിങ്ങൾ കുട്ടികൾക്ക് എല്ലാവർക്കും വഴിയും പറഞ്ഞു കൊടുക്കണം. വിമാനത്തിലൂടെ നോട്ടീസ് ഇടുന്നതിനുള്ള പരിശ്രമവും ചെയ്യണം. അതിൽ എഴുതൂ ശിവബാബ ഇങ്ങനെ പറയുന്നു. ബ്രഹ്മാവും ശിവബാബയുടെ കുട്ടിയാണ്. പ്രജാപിതാവാണെങ്കിൽ അതും അച്ഛനാണ്, ഇതും അച്ഛനാണ്. ശിവബാബ എന്ന് പറയുന്നതിലൂടെ അനേകം കുട്ടികൾക്ക് സ്നേഹത്തിന്റെ കണ്ണുനീരും വരുന്നു. ഒരിക്കലും കണ്ടിട്ടുപോലുമില്ല. എഴുതുന്നു ബാബാ, എപ്പോൾ വന്ന് അങ്ങയെ കാണും, ബാബാ ബന്ധനത്തിൽ നിന്ന് മോചിപ്പിക്കൂ. അനേകർക്ക് ബാബയുടെ, പിന്നെ രാജകുമാരന്റെ സാക്ഷാത്ക്കാരമുണ്ടാകുന്നു. മുന്നോട്ട് പോകുമ്പോൾ അനേകർക്ക് സാക്ഷാത്ക്കാരമുണ്ടാകും പിന്നീട് പുരുഷാർത്ഥവും ചെയ്യേണ്ടി വരും. മനുഷ്യർ മരിക്കുന്ന സമയത്തും പറയുന്നു ഭഗവാനെ ഓർമ്മിക്കൂ. നിങ്ങൾക്ക് കാണാം പിന്നീട് നന്നായി പുരുഷാർത്ഥം ചെയ്യും, ഓർമ്മിക്കും.

ബാബ നിർദ്ദേശം നൽകുന്നു – കുട്ടികളേ, എത്ര സമയം ലഭിക്കുന്നുവോ അതിൽ പുരുഷാർത്ഥം ചെയ്ത് മേക്കപ്പ് ചെയ്യൂ. ബാബയുടെ ഓർമ്മയിലിരുന്ന് വികർമ്മം വിനാശമാക്കൂ എങ്കിൽ പുറകെ വന്നാലും മുന്നേറാൻ സാധിക്കും. എങ്ങനെയാണോ ട്രെയിൻ വൈകിയോടുമ്പോൾ മേക്കപ്പ് ചെയ്യാറുണ്ടല്ലോ. നിങ്ങൾക്കും ഇവിടെ സമയം ലഭിക്കുകയാണെങ്കിൽ പുരുഷാർത്ഥം ചെയ്ത് മേക്കപ്പ് ചെയ്യൂ. ഇവിടെ വന്ന് സമ്പാദ്യം ഉണ്ടാക്കൂ. ബാബ നിർദ്ദേശവും നൽകുന്നുണ്ട് – ഇങ്ങനെയിങ്ങനെ ചെയ്യൂ, തന്റെ മംഗളം ചെയ്യൂ. ബാബയുടെ ശ്രീമതത്തിലൂടെ നടക്കൂ. വിമാനത്തിൽ നിന്ന് നോട്ടീസ് വീഴ്ത്തൂ, അതിലൂടെമനുഷ്യർ മനസ്സിലാക്കട്ടെ ഇവർ വാസ്തവത്തിൽ ശരിയായ സന്ദേശമാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഭാരതം എത്ര വലുതാണ്, എല്ലാവരും അറിയണം , നമ്മൾ അറിഞ്ഞതേയില്ല എന്ന് പിന്നീട് പറയരുത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം

1. വിവേകശാലിയായി മാറി തന്റെ പരിശോധന ചെയ്യണം, കണ്ണുകൾ ചതിക്കുന്നില്ലല്ലോ. ഒരു കർമ്മേന്ദ്രിയത്തിനും വശപ്പെട്ട് തലതിരിഞ്ഞ കർമ്മം ചെയ്യരുത്. ഓർമ്മയുടെ ബലത്തിലൂടെ കർമ്മേന്ദ്രിയങ്ങളുടെ ചതിയിൽ നിന്ന് മുക്തമാകണം.

2. ഈ സത്യമായ സമ്പാദ്യത്തിന് വേണ്ടി സമയം കണ്ടെത്തണം, പുറകെ വന്നാലും പുരുഷാർത്ഥത്തിൽ മേക്കപ്പ് ചെയ്യണം. ഇത് വികർമ്മം വിനാശമാക്കാനുള്ള സമയമാണ് അതുകൊണ്ട് യാതൊരു വികർമ്മവും ചെയ്യരുത്.

## വരദാനം–ബാലകനിൽ നിന്നും യജമാനൻ എന്ന പാഠത്തിലൂടെ നിരഹങ്കാരിയും നിർവികാരിയുമായി ഭവിക്കട്ടെ.

കുട്ടിയാകുക എന്നാൽ പരിധിയുള്ള ജീവിതത്തെ പരിവർത്തനപ്പെടുത്തുക എന്നാണർത്ഥം.ആര് എത്ര വലിയ രാജ്യത്തിന്റെ അധികാരിയാണെങ്കിലും,സമ്പത്തിന്റേയോ കുടുംബത്തിന്റേയോ അധികാരിയാണെങ്കിലും ബാബക്കുമുന്നിൽ എല്ലാവരും കുട്ടികളാണ്.നിങ്ങൾ ബ്രാഹ്മണകുട്ടികളും ബാലകരാകുമ്പോൾ നിശ്ചിന്തചക്രവർത്തിമാരും, ഭാവിയിലെ വിശ്വരാജ്യാധികാരികളുമായി മാറുന്നു.ബാലകൻ അതേസമയം യജമാനൻ എന്ന സ്മൃതി സദാ നിരഹങ്കാരി– നിരാകാരി സ്ഥിതിയുടെ അനുഭവം ചെയ്യിക്കുന്നു.ബാലകൻ അർത്ഥം കുട്ടിയാവുക.കുട്ടിയാവുക എന്നാൽ മായയിൽ നിന്നും സുരക്ഷിതരായി ഇരിക്കുക.

## സ്ലോഗൻ–പ്രസന്നതയാണ് ബ്രാഹ്മണ ജീവിതത്തിന്റെ വ്യക്തിത്വം,അതിനാൽ സദാ പ്രസന്നചിത്തരായി ഇരിക്കൂ..

**അവ്യക്തസൂചന–സങ്കൽപശക്തിയെ ശേഖരിച്ച് ശ്രേഷ്ഠസേവനങ്ങൾക്ക് നിമിത്തമായി മാറൂ.**
ഏത് കാര്യമാണോ ഇന്നത്തെ അനേകം കോടിപതികൾക്കുപോലും ചെയ്യാനാകാത്തത് അത് താങ്കളുടെ ഒരു സങ്കൽപത്തിന് ചെയ്യാനാകും,ആത്മാക്കളെ കോടി–കോടിപതികളാക്കാനാകും.അതിനാൽ ശ്രേഷ്ഠ സങ്കൽപങ്ങളുടെ ശക്തിയെ ശേഖരിക്കൂ.ശ്രേഷ്ഠസങ്കൽപങ്ങളുടെ ശക്തികളെ വളരെയധികം ശുദ്ധമാക്കി മാറ്റണം,അൽപം പോലും അശുദ്ധി വരരുത്.അപ്പോൾ മാത്രമേ ഈശക്തി അത്ഭുതകരമായ കാര്യങ്ങൾ ചെയ്യുകയുള്ളൂ.